**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1722** **31-08-2022 - ൽ മറുപടിയ്ക്ക്**

**കണക്ട് കരിയർ ടു ക്യാമ്പസ് ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ കാലയളവിൽത്തന്നെ വിദ്യാർത്ഥികളെ വ്യാവസായിക തൊഴിൽ മേഖലകൾ പരിചയപ്പെടുത്തി തൊഴിൽ സജ്ജരാക്കുന്നതിനായി നടത്തുന്ന കണക്ട് കരിയർ ടു ക്യാമ്പസ് ക്യാമ്പയിനിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അഞ്ച് വർഷം കൊണ്ട് നാൽപത് ലക്ഷം യുവജനങ്ങൾക്ക് പരിശീലനവും ഇരുപത് ലക്ഷം പേർക്ക് തൊഴിലും നൽകി കേരളത്തെ ഒരു നവ വൈജ്ഞാനിക സമൂഹമാക്കി മാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി കേരളത്തിലെ കലാലയങ്ങളിൽ നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം ബോധവൽക്കരിക്കാനും, തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്ന ഡി.ഡബ്യു.എം.എസ് പ്ലാറ്റ്ഫോം വിദ്യാർത്ഥികൾക്കിടയിൽ പരിചയപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുള്ള ചുമതല (GO (Rt) No. 1050/2022/HEdn dated 11.07.2022) അസാപിനു നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, പ്രാരംഭ നടപടി എന്ന നിലയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാരെ സംഘടിപ്പിച്ച് പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ 2022 ഓഗസ്റ്റ് 2 നു നടന്ന യോഗത്തിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവതരിപ്പിക്കുകയും, കണക്ട് കരിയർ ടു ക്യാമ്പസിന്റെ പ്രചാരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു വരികയുമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കോളേജ് തലത്തിൽ ആരംഭിക്കുകയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഡി.ഡബ്യു.എം.എസ്സിനെ കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതുമാണ്. |
| (ബി) | സംസ്ഥാനത്തും പുറത്തും തൊഴിൽ തേടുന്ന യുവതലമുറയ്ക്ക് പുത്തൻ പ്രതീക്ഷകൾ നൽകിക്കൊണ്ട് രൂപീകരിച്ചിട്ടുള്ള കെ-സ്കിൽ ക്യാമ്പയിൻ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | സംസ്ഥാനത്തും പുറത്തും തൊഴിൽ തേടുന്ന യുവ തലമുറയ്ക്ക് പുത്തൻ പ്രതീക്ഷകൾ നൽകിക്കൊണ്ട് രൂപീകരിച്ചിട്ടുള്ള കെ സ്കിൽ |

ക്യാമ്പയിൻ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്.

ഒരു സമഗ്ര നൈപുണ്യ വികസന പരിപ്രേക്ഷ്യത്തിൽ നടപ്പിലാക്കുന്ന കെ സ്കിൽ ക്യാംപെയ്ൻ കേരളത്തിലെ യുവതലമുറ യുടെ നൈപുണ്യ വികസനത്തിന് മുതൽക്കൂട്ടാകും. പതിനഞ്ചിലധികം തൊഴിൽ മേഖലകളും നൂറിലധികം സ്കിൽ കോഴ്സുകളുമാണ് കെ സ്കില്ലിന്റെ ഭാഗമായി അസാപ് വഴി നൽകുന്നത്. വിദ്യാർത്ഥികൾക്കും വർക്കിങ് പ്രൊഫഷണലുകൾക്കും ഉപയോഗപ്രദമായ രീതിയിൽ ഓൺലൈൻ ആയും ഓഫ് ലൈൻ ആയും ക്ലാസുകൾ ലഭ്യമായിരിക്കും. ഇന്റസ്ട്രി കേന്ദ്രീകൃതമായി ഡിസൈൻ ചെയ്തിരിക്കുന്ന അസാപ് കോഴ്സുകൾ തൊഴിൽ മാർക്കറ്റിലേക്ക് വിദ്യാർത്ഥികൾക്ക് വാതിൽ തുറക്കുന്നു. വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് സഹായവും അസാപ് നൽകുന്നുണ്ട്.
യുവജനങ്ങൾക്കിടയിലെ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കാനും, ലോകത്തെ മികച്ച സ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ നേടാനും പ്രാപ്തരാക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുത്ത് രണ്ടര ലക്ഷത്തിലധികം വിദ്യാർത്ഥികളെ പരിശീലിപ്പിക്കാനും, കഴിഞ്ഞ ഒരു വർഷം കൊണ്ട് മാത്രം ആയിരത്തോളം ഉദ്യോഗാർത്ഥികൾക്ക് വിവിധ ബഹുരാഷ്ട്ര കമ്പനികളിലും, ചെറുതും വലുതുമായസ്ഥാപനങ്ങളിലും പ്ലെയ്സ്മെന്റ് നൽകാനും അസാപിന് സാധിച്ചു.

വീബോക്സ്, സി.ഐ.ഐ യുടെ സഹായത്തോടുകൂടി പ്രസിദ്ധീകരിച്ച 2022 ലെ ഇന്ത്യ സ്കിൽസ് റിപ്പോർട്ടിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിൽ ക്ഷമതയുള്ള മൂന്നാമത്തെ സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടിരുന്നു. പുരുഷ തൊഴിൽ ക്ഷമതയിൽ മൂന്നാമതും, വനിതാ തൊഴിൽ ക്ഷമതയിൽ നാലാമതും കേരളമാണ്. തൊഴിൽ ക്ഷമതയുള്ള ആളുകളെ ഉൾക്കൊള്ളുന്ന ഏറ്റവും കൂടുതൽ നഗരങ്ങളുള്ളത് കേരളത്തിലാണ്.

ക്ലാസ് മുറികളിൽ ഇൻഡസ്ട്രികളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങൾ ആവിഷ്കരിക്കുകയും, അധ്യാപകർ വിദ്യാർത്ഥികൾക്ക് ഇൻഡസ്ട്രിയുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട വാർഷിക പ്രൊജക്റ്റുകൾക്ക് ക്രെഡിറ്റ് നൽകുന്ന രീതി അവലംബിക്കുകയും ഇൻഡസ്ട്രി അക്രെഡിറ്റഡ് കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ക്രെഡിറ്റ് സ്കോറുകൾ നൽകുന്ന സംവിധാനത്തിലേക്ക് നമ്മുടെ യൂണിവേഴ്സിറ്റികളെ മാറ്റുന്നത് പരിഗണനയിലുണ്ട്.<br><br>അസാപിന്റെ കെ-സ്കിൽ ക്യാംപെയിനിന്റെ ഭാഗമായി പതിനഞ്ചിലധികം തൊഴിൽ മേഖലകളിലായി നൂറിലധികം കോഴ്സുകളാണ് ഒരേ സമയം ലോഞ്ച് ചെയ്യപ്പെടുന്നത്. ഐടി മീഡിയ, ഹെൽത്ത് കെയർ, ലിംഗ്വിസ്റ്റിക്സ്, ബാങ്കിങ്ങ് തുടങ്ങിയ വിവിധ മേഖലകളിൽ ഹ്രസ്വകാല സ്കിൽ കോഴ്സുകൾ നമ്മുടെ യുവാക്കൾക്ക് മികച്ച തൊഴിലിലേക്ക് വഴികാട്ടും. ഇതിന് സഹായകമാകുന്നതാണ് ആനുവൽ ട്രെയിനിങ് കലണ്ടർ. നൂറിലധികം കോഴ്സുകളുടെ സംക്ഷിപ്ത വിവരണവും, ജോലി സാധ്യതകളും, സമയക്രമവും എല്ലാം ഒരു കുടക്കീഴിൽ ലഭ്യമാകുന്ന ഈ കലണ്ടർ വിദ്യാർത്ഥികൾക്ക് മാത്രമല്ല, രക്ഷകർത്താക്കൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, വർക്കിങ്ങ് പ്രൊഫഷണലുകൾക്കും, പൊതുസമൂഹത്തിനും നൈപുണ്യ വികസന രംഗത്തെ പുത്തൻതലമുറ കോഴ്സുകൾ പരിചയപ്പെടാൻ സഹായകമാണ്. |
| (സി) | വൈജ്ഞാനിക സമൂഹ കേന്ദ്രീകൃതമായ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും അസാപ് മുഖേന നൈപുണ്യ മേളകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വൈജ്ഞാനിക സമൂഹ കേന്ദ്രീകൃതമായ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്കിടയിൽ തൊഴിൽ ക്ഷമത ഉറപ്പുവരുത്തുന്നതിനായി നൈപുണ്യ വികസനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇതിനായി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും നിയമസഭാ സാമാജികന്റെ നേതൃത്വത്തിൽ പ്രാദേശിക തലത്തിൽ വിഭവസമാഹരണം നടത്തി നൈപുണ്യ മേളകൾ സംഘടിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി നൈപുണ്യ മേളയുടെ സംസ്ഥാനതല ഉദ്ഘാടനം 2022 ജൂലൈ മുപ്പതാം തീയതി ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുടയിൽ വച്ച് നിർവ്വഹിക്കുക യുണ്ടായി. സമാനമാതൃകയിൽ സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രാദേശിക തലത്തിൽ ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് നൈപുണ്യ മേളകൾ സംഘടിപ്പിക്കുവാൻ അസാപ് കേരള മുൻകൈ എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ